ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ക്രമവിരുദ്ധ നിയമനങ്ങൾ നടന്നിട്ടില്ല. മുൻ ഭരണസമിതിയുടെ കാലത്ത് മത്സ്യഫെഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ഏതാനും ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിബന്ധനകൾക്ക് വിധേയമായി നിയമിച്ചിരുന്നു.

(ബി) ബാധകമല്ല.

ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരെ വനം വകുപ്പിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുവാൻ നടപടി

18 (*553) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ലീൻ ഉള്ള എത്ര ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥന്മാർ മറ്റു വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ അല്ലാതെയോ ജോലി ചെയ്യുന്നുണ്ട് ;

(ബി) സംസ്ഥാനത്തെ ഐ.എഫ്.എസ്. ഉദ്യോഗസ്ഥന്മാർക്ക് വനം കൈയ്യേറ്റത്തിൽ നിന്നും അനധികൃത തടി വെട്ടലിൽ നിന്നും വനത്തെ ഫലപ്രദമായി സംരക്ഷിക്കുവാൻ കഴിയുന്നുണ്ടെന്ന് കരുതുന്നുണ്ടോ ;

(സി) മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്ന ഐ.എഫ്.എസ്.-കാർക്കു പകരം പോലീസ് വകുപ്പിൽ നിന്ന് ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരെ വനം വകുപ്പിൽ നിയമിച്ച് വനം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വനം വകുപ്പിൽ ലീൻ ഉള്ള ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് ഉദ്യോഗസ്ഥന്മാരിൽ 15 പേർ ഡെപ്യൂട്ടേഷനിലും 4 പേർ ഐ.എഫ്.എസ്.ന്റെ എക്സ്കേഡർ തസ്തികയിലുമായി മറ്റ് വകുപ്പുകളിൽ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ 7 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly